30-07-2022

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : Suraj S  Editor : Dr Asha T T

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-30/07/2022.

1. 'സോയിൽ ഹെൽത്ത് കാർഡു'കൾ മുഖേന കർഷകർക്ക് നൽകുന്ന കാർഷിക ശുപാർശകൾ ഇനി മലയാളത്തിൽ കൂടി ലഭ്യമാക്കുമെന്ന് കൃഷിമന്ത്രി പി പ്രസാദ് അറിയിച്ചു. നിലവിൽ കൃഷി വകുപ്പിനു കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നും കൃഷിയിടത്തിലെ മണ്ണ് പരിശോധനയ്ക്കുശേഷം നൽകുന്ന 'സോയിൽ ഹെൽത്ത് കാർഡു'കളിൽ മണ്ണിന്റെ സ്വഭാവത്തെക്കുറിച്ചും കർഷകർ അനുവർത്തിക്കേണ്ട കൃഷി പരിപാലനമുറകളെ കുറിച്ചുമുള്ള അറിയിപ്പുകളും ശുപാർശകളും ഇംഗ്ലീഷ് ഭാഷയിലാണ് അച്ചടിച്ചു നൽകുന്നത്. ഇത് ശുപാർശകൾ അനുസരിച്ചുള്ള കാർഷിക മുറകൾ സ്വീകരിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാലാണ് സോയിൽ ഹെൽത്ത് കാർഡ് വഴി നൽകുന്ന അറിയിപ്പുകളും ശുപാർശകളും മലയാളത്തിലാക്കുന്നത്.

2. ആറളം ഫാം സെൻട്രൽ നേഴ്സറിയിലും ഇരിട്ടിയിലുള്ള തണൽ മിനി സൂപ്പർ മാർക്കറ്റിലും കശുമാവിന്റ അത്യുൽപ്പാദന ശേഷിയുള്ള ഗ്രാഫ്റ്റുകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ഓഗസ്റ്റ് 1 മുതൽ വിൽപന ആരംഭിക്കും. ധന, പ്രിയങ്ക, കനക, സുലഭ, വെങ്കർല 7 എന്നീ ഇനങ്ങൾ 50 രൂപ നിരക്കിൽ ലഭിയ്ക്കും. ആവശ്യക്കാർ **8281982312, 9447007402** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

3. കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുള്ള പച്ചക്കറിയിനങ്ങളുടെ വിത്ത് മണ്ണുത്തിയിലുള്ള ATIC സെയിൽസ് കൗണ്ടറിൽ വില്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487 2370540, 04872 371340** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. പ്രധാനമന്ത്രി ഫസൽ ബീമാ യോജനയിലും കാലാവസ്ഥാ ഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് നാളെ വരെ (ജൂലൈ 31) വരെ പേര് ചേർക്കാവുന്നതണ്.പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന കർഷകർ ഏറ്റവും അടുത്തുള്ള സി എസ് സി ഡിജിറ്റൽ സേവാ കേന്ദ്രങ്ങളെയോ അക്ഷയ കേന്ദ്രങ്ങളെയോ അംഗീകൃത ഇൻഷുറൻസ് കമ്പനി പ്രതിനിധികളെയോ സമീപിക്കേണ്ടതാണ്. ഈ വർഷം മുതൽ പോസ്റ്റ് ഓഫീസ് വഴിയും ചേരാവുന്നതാണ്. ഏറ്റവും പുതിയ ആധാറിന്റെയും ബാങ്ക് പാസ് ബുക്കിന്റെയും നികുതി ചീട്ട്/പാട്ടചീട്ടിന്റെയും കോപ്പികൾ സമർപ്പിക്കേണ്ടതാണ്.

5. പാലക്കാട് പട്ടാമ്പി കൃഷി വിജ്ഞാനകേന്ദ്രത്തിൽ WCT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ ഒന്നിന് നൂറ്റിപ്പത്ത് (110) രൂപ നിരക്കിൽ വിൽപ്പനക്ക് തയ്യാറായിരിക്കുന്നു. **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കൃഷിവകുപ്പ് നാളികേര വികസന പദ്ധതിയിൽ ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ സംസ്ഥാനമൊട്ടാകെ **'കേരരക്ഷ'** വാരമായി ആചരിക്കുന്നു. തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, കീടരോഗനിയന്ത്രണം, പച്ചിലവളപ്രയോഗം, ശീമക്കൊന്നനടീൽ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയാണ് കേരരക്ഷ വാരത്തിന്റെ ലക്ഷ്യങ്ങൾ.

7. കുട്ടനാട്ടിൽ വിതച്ച് 15 മുതൽ 45 ദിവസം വരെ പ്രായമായ ചമ്പക്കുളം, നെടുമുടി, കൈനകരി, തകഴി കൃഷിഭവന്റെ പരിധിയിൽ വരുന്ന പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. ഇലത്തുമ്പുകളിൽ കരിച്ചിൽ ആണ് തുടക്ക ലക്ഷണം. വർഷകാല കൃഷിയിൽ രോഗവ്യാപനം വളരെ വേഗത്തിൽ ആയിരിക്കും. രോഗം കൂടുതൽ വ്യാപിക്കുന്ന സാഹചര്യത്തിൽ നിയന്ത്രണം ബുദ്ധിമുട്ടായതിനാൽ ഇലകരിച്ചിൽ ലക്ഷണങ്ങൾ കാണുന്ന പാടശേഖരങ്ങളിൽ കർഷകർ ആരംഭത്തിൽ തന്നെ നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കേണ്ടതാണ്. സാങ്കേതിക സഹായത്തിനായി മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായി നേരിട്ടോ, **9400142409** (ചമ്പക്കുളം), **8547865338** (നെടുമുടി), **9961392082** (കൈനകരി), **9633815621** (തകഴി) എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

8. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് പരിസരത്ത് പ്രവർത്തിക്കുന്ന വി.എഫ്.പി.സി.കെ കൃഷി ബിസിനസ് കേന്ദ്രയിൽ നിന്നും TxD, DxT തെങ്ങിൻ തൈകൾ ഇരുന്നൂറ് (200) രൂപ നിരക്കിലും മലയൻപച്ച ഇനം നൂറ് (100) രൂപ നിരക്കിലും ലഭ്യമാണ്. വിയറ്റ്നാം ഏർളി ജാക്ക് പ്ലാവിനം നൂറ്റിഅൻപത് (150) രൂപ നിരക്കിലും ലഭ്യമാണ്. കൂടാതെ പയർ, മല്ലി, മുളക്, കാപ്സികം, കത്തിരി, വഴുതന എന്നിവയുടെ സങ്കര ഇനങ്ങളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **8289907652** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിന്റെ സംസ്ഥാനതല പരിശീലന സ്ഥാപനമായ ചടയമംഗലം നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

യൂണിവേഴ്സിറ്റിയുടെ 2022 വർഷത്തേക്കുള്ള **വാട്ടർഷെഡ് മാനേജ്മെന്റി**ലുള്ള ഒരു വർഷ ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. പ്ലസ്ടു / തത്തുല്യയോഗ്യത അല്ലെങ്കിൽ ബി.പി.പി.ആണ് യോഗ്യത. 10600 രൂപയാണ് കോഴ്സിന്റെ ഫീസ്. അപേക്ഷകൾ ഈ മാസം 31-ന് (ജൂലൈ 31) മുമ്പായി http://www.ignou.ac.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ ഡയറക്ടറേറ്റിലെ **0471 2339899** എന്ന ഫോൺ നമ്പരിലോ, സംസ്ഥാന നീർത്തട വികസന പരിപാലന വികസന പരിശീലന കേന്ദ്രത്തിലെ **0474–2476020, 2475051, 9446446632, 9567305895** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

10. കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയ്നിംഗ് യൂണിറ്റ്, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വച്ച് **അക്വാപോണിക്സ്** എന്ന കൃഷിരീതിയിൽ **ആഗസ്റ്റ് 3 മുതൽ 5 വരെ** മൂന്ന് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. **വിവിധതരം അക്വാപോണിക്സ് സിസ്റ്റം രൂപകൽപ്പനകൾ, നിർമ്മാണം, പ്രവർത്തന ഉപയോഗ പരിപാലനരീതികൾ, വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗും നിയന്ത്രണമാർഗങ്ങളും, വളപ്രയോഗ മാർഗങ്ങൾ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം** എന്നിവയെക്കുന്നറിച്ച് ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ **0487 2960079, 9037033547** എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10 മണി മുതൽ 4 വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ആഗസ്റ്റ് **മാസം 10,11 തീയതികളിൽ ഇറച്ചിക്കോഴി വളർത്തൽ, 16,17 തീയതികളിൽ ആട് വളർത്തൽ, 22-ന് തീറ്റപ്പുൽകൃഷി, 25,26 തീയതികളിൽ പന്നി വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

12. **കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തി നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- പടവലം, പാവൽ എന്നിവ കായ്ക്കുന്നതോടെ കായീച്ചയുടെ ശല്യം തുടങ്ങും. പുഴുക്കൾ കായ്ക്കുള്ളിലെ മാംസള ഭാഗങ്ങൾ തിന്ന് നശിപ്പിക്കുന്നു. പിന്നീട് ഇവ അഴുകാൻ തുടങ്ങും. ഈ പുഴുക്ക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ളുടെ സമാധി ദശ മണ്ണിനുള്ളിലാണ്. കേടു വന്ന കായ്കൾ മണ്ണിൽ വീഴാതെ പറിച്ചെടുത്ത് നശിപ്പിക്കണം. പന്തലിൽ ഇടവിട്ട് പഴക്കെണി, തുളസി ക്കെണി എന്നിവ തൂക്കിയിട്ടാൽ കായീച്ചയുടെ ആക്രമണം ചെറു ക്കാനാവും. കൂടാതെ ഫിറമോൺ കെണികൾ 15 സെന്റിന് ഒരെണ്ണം എന്ന തോതിൽ തോട്ടത്തിൽ തൂക്കി യിടുക.

- തെക്കു പടിഞ്ഞാറൻ മൺസൂണിന്റെ ആരംഭമായതിനാൽ പച്ചക്കറികളിൽ **മൃദുരോമപ്പൂപ്പ്** എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി **കർസേറ്റ് 2 ഗ്രാം** ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ ട്രൈക്കോഡർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ നേർപ്പിച്ച് 15 ദിവസം ഇടവിട്ട് ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം